# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5457 — 04.07.2013-ലെ മറുപടിക്ക്

## സ്വാശ്രയ കോളേജുകൾ നടത്തിയ പ്രവേശന പരീക്ഷ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. റ്റി. വി. രാജേഷ് :<br>ശ്രീ. ആർ. രാജേഷ് :<br>ഡോ. കെ. ടി. ജലീൽ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ കോളേജുകൾ തനതായി നടത്തിയ പ്രവേശന പരീക്ഷ റദ്ദാക്കിയതിനെതിരെ കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ ഹൈക്കോടതിയിൽ നൽകിയിരിക്കുന്ന കേസിൽ സർക്കാർ സ്വീകരിച്ചിരിക്കുന്ന നിലപാട് അറിയിക്കുമോ ; എതിർ സത്യവാങ്മൂലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷനുമായി ഈ വർഷത്തെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാർ ഒപ്പുവച്ച കരാർ പ്രകാരം അസോസിയേഷന്റെ കീഴിലുള്ള കോളേജുകളിലെ 35% മാനേജ്മെന്റ് സീറ്റുകളിലേക്ക് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ മേൽനോട്ടത്തിൽ അസോസിയേഷൻ നടത്തുന്ന പ്രവേശന പരീക്ഷയിൽ നിന്ന്. വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. ഇപ്രകാരം 31.05.13-ന് നടത്തിയ പരീക്ഷയിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി പരീക്ഷ റദ്ദാക്കി പുനഃപരീക്ഷ നടത്താൻ തീരുമാനിച്ചു. ഇതിനെതിരെ മാനേജ്മെന്റ് അസോസിയേഷൻ സമർപ്പിച്ച കേസിൽ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ തീരുമാനത്തിന് പിന്തുണ നൽകുന്ന നിലപാട് സ്വീകരിച്ചുകൊണ്ട് സർക്കാർ ബഹു: ഹൈക്കോടതി മുമ്പാകെ എതിർ സത്യവാങ്മൂലം സമർപ്പിച്ചു. എതിർ സത്യവാങ്മൂലത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. പരീക്ഷ റദ്ദാക്കിയ നടപടി ബഹു: ഹൈക്കോടതി ശരിവച്ച് ഇപ്പോൾ ഉത്തരവായിട്ടുണ്ട്. |

(P.T.O.)

(ബി) നിയമജ്ഞർ ചൂണ്ടിക്കാണിക്കുന്നതുപോലെ അഖിലേന്ത്യാ ഏകീകൃത പ്രവേശന പരീക്ഷയ്ക്ക് പകരം വേറെ പരീക്ഷ നടത്താൻ പാടില്ലെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ ;

(ബി) ഈ വർഷത്തെ മെഡിക്കൽ പ്രവേശനം സംബന്ധിച്ച് പ്രത്യേക പരീക്ഷ നടത്തുന്നതിൽ ബഹു : സുപ്രീംകോടതി തടസ്സങ്ങളൊന്നും ഉന്നയിച്ചിരുന്നില്ല. മാനേജ്മെന്റുകൾ പ്രത്യേക പരീക്ഷ നടത്തുന്നതിൽ നിയമപരമായ തടസ്സങ്ങളൊന്നുമില്ല എന്ന് നിയമവകുപ്പ് നിയമോപദേശം നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മാനേജുമെന്റ് സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നതിലേക്കായി പ്രത്യേക പ്രവേശന പരീക്ഷ നടത്താൻ അനുമതി നൽകിയത്.

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനകൾ അറിയിക്കുമോ ; ഇവ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്ക് ബാധകമാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനകൾ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്കും ബാധകമാണ്.

(ഡി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രോസ്പെക്ടസ് അനുസരിച്ച് ഈ മെഡിക്കൽ കോളേജിലേക്ക് പ്രവേശന പരീക്ഷ (നീറ്റ്) നടത്തിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഒരേ കോളേജിലേക്ക് വിവിധ പ്രവേശന പരീക്ഷയിലൂടെ പ്രവേശനം നടത്താൻ സാധിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ ?

(ഡി) & (ഇ) 13.5.2013-ൽ ബഹു : സുപ്രീം കോടതിയുടെ വിധിന്യായപ്രകാരം വിവിധ സംസ്ഥാനങ്ങൾക്കും സ്വാശ്രയ കോളേജുകളുടെ കൺസോർഷ്യത്തിനും മറ്റ് സ്ഥാപനങ്ങൾക്കും സ്വന്തമായി പരീക്ഷ നടത്തുന്നതിന് ബഹു : സുപ്രീം കോടതി വിലക്കേർപ്പെടുത്തിയിരുന്നില. ഇതിന്റെ അടിസ്ഥാനത്തിലാണ്. സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മാനേജുമെന്റ് സീറ്റുകളിലേക്ക് പ്രവേശനം നടത്തുന്നതിലേക്കായി പ്രത്യേക പ്രവേശന പരീക്ഷ നടത്താൻ അനുമതി നൽകിയത്.

സെക്ഷൻ ഓഫീസർ

അനുബന്ധം ...ൽ ലഭ്യമാണ്